# തഹ്‌രീകെ ജദീദ് 2006-07

لَيْسَ عَلَيْكَ هُدٰىهُمْ وَلٰكِنَّ اللّٰهَ يَهْدِيْ مَنْ يَّشَآءُ ۗ
وَمَا تُنْفِقُوْا مِنْ خَيْرٍ فَلِاَنْفُسِكُمْ ۗ وَمَا تُنْفِقُوْنَ اِلَّا
ابْتِغَآءَ وَجْهِ اللّٰهِ ۗ وَمَا تُنْفِقُوْا مِنْ خَيْرٍ يُّوَفَّ اِلَيْكُمْ
وَاَنْتُمْ لَا تُظْلَمُوْنَ (2:273)

**ഇ**ന്ന് ഞാൻ തഹ്‌രീകെ ജദീദിന്റെ പുതുവർഷ പ്രഖ്യാപനം നടത്തിക്കൊണ്ട് ധനത്യാഗം എന്ന വിഷയത്തെപ്പറ്റി ചില കാര്യങ്ങൾ പറയുന്നതാണ്. ഇന്ന് പൊതുവെ, ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യം മനസ്സിലാക്കിയും, കാലത്തിന്റെ ഖലീഫമാരുടെ വിളിക്കുത്തരം നല്കിയുംകൊണ്ട്, എല്ലാതരം ത്യാഗങ്ങളുടേയും തത്ത്വം മനസ്സിലാക്കുന്നതിൽ പ്രാപ്തരായിക്കഴിഞ്ഞിരിക്കുകയാണ്. ഇന്ന് ദൈവാനുഗ്രഹത്താൽ ജമാഅത്തംഗങ്ങൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷം, ദൈവിക ജമാഅത്തുകളുടെ അഭിവൃദ്ധിയ്ക്കായി ജീവനും ധനവും സമയവും അഭിമാനവും ത്യാഗം ചെയ്യേണ്ടത് അങ്ങേയറ്റം അനിവാര്യമാണെന്ന കാര്യം തിരിച്ചറിയാൻ കഴിവുള്ളവരായിക്കഴിഞ്ഞിരിക്കുന്നു. ചില പീഡനങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും ത്യാഗങ്ങളിലൂടെയും കടന്നുകൊണ്ട് അല്ലാഹുവിന്റെ മുഅ്മിനായ ഒരു ദാസൻ, ഏതൊരു നിലയിലെത്തിച്ചേരാനാണോ ദൈവികജമാഅത്തിൽ പ്രവേശിക്കുന്നത് അതിന്റെ ലക്ഷണങ്ങൾ കാണാൻ കഴിയുന്നു. ത്യാഗങ്ങളുടെ ഉയർന്ന നിലവാരം കരസ്ഥമാക്കുന്നതിലൂടെതന്നെയാണ് അല്ലാഹുവിന്റെ തൃപ്തി ലഭിക്കുന്നത്. ഇന്ന് അല്ലാഹു തന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം നമുക്ക്, ***ഫസ്തബിഖുൽ ഖയ്റാത്ത്*** എന്ന വിഷയത്തിന്റെ ആത്മാവിനെ തിരിച്ചറിഞ്ഞുകൊണ്ട് നന്മയുടെ അവസരങ്ങൾ കരസ്ഥമാക്കാൻ പരിശ്രമിക്കുന്നതിനുള്ള സന്ദർഭങ്ങൾ തന്നുകൊണ്ടിരിക്കുന്നു. അതിനുവേണ്ടി പരിശ്രമിക്കേണ്ടതുമാണ്. കാരണം ഇതായിരിക്കണം നിങ്ങളുടെ ലക്ഷ്യസ്ഥാനമെന്ന് അല്ലാഹു നമ്മോട് കല്പിച്ചിരിക്കുന്നു. സാത്വികന്മാരിൽ ഉൾപ്പെടണമെങ്കിൽ, അത്യധ്വാനം ചെയ്തുകൊണ്ട് നന്മയിൽ മുന്നോട്ട് വളരേണ്ടിവരും. അപ്പോൾ മാത്രമേ ഈ നില നിങ്ങൾ പ്രാപിക്കുകയുള്ളൂ. അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകുമ്പോൾ ഈ ത്യാഗങ്ങളും നന്മകളും കൊണ്ടുമാത്രമേ ദൈവാനുഗ്രഹത്താൽ ദൈവസാമീപ്യം പ്രാപിക്കുകയുള്ളൂവെന്ന കാര്യം എപ്പോഴും ഓർമ്മിക്കുക.

ധനത്തിന്റേയും ജീവന്റേയും ഈ ത്യാഗങ്ങൾ നിങ്ങളുടെ വിജയപ്രാപ്തിക്കുള്ള മാർഗ്ഗമാകുന്നതാണ്. ഈ ത്യാഗങ്ങളിലൂടെ മാത്രമെ അനശ്വരമായ ജീവിതം നിങ്ങൾക്ക് ലഭിക്കുകയുള്ളൂ. അതുകൊണ്ട് ഇന്ന് ദൈവകല്പനയുടെ ഈ തിരിച്ചറിവ് ദൈവാനുഗ്രഹത്താൽ ലഭിച്ചിട്ടുണ്ടെങ്കിൽ അത് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഇന്ന് ദീനിനുവേണ്ടി ആരെങ്കിലും സമയം ത്യാഗം ചെയ്യുന്നുണ്ടെങ്കിൽ അത് അഹ്മദികളാണ്. ഇന്ന് ദീനിനുവേണ്ടി ആരെങ്കിലും മക്കളെ ത്യാഗം ചെയ്യുന്നുണ്ടെങ്കിൾ അത് അഹ്മദികളാണ്. ഇന്ന് ദീനിനുവേണ്ടി ആരെങ്കിലും ധനം ത്യാഗം ചെയ്യുന്നുണ്ടെങ്കിൽ അത് അഹ്മദികളാണ്. ഇന്ന് ദീനിനുവേണ്ടി, ഇക്കാലത്തെ ഇമാം പറഞ്ഞകാര്യങ്ങളുടെ ആത്മാവ് മനസ്സിലാക്കിയും, ആ മഹാത്മാവിന്റെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ആരെങ്കിലും ജീവൻ ബലിയർപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ, അത് അഹ്മദികളാണ്. നമുക്ക് എത്ര വലിയ ഭാഗ്യമാണ് ലഭിച്ചിട്ടുള്ളത്. ഇന്ന്, അവസാനം വന്ന സംഘക്കാരിൽ ഉൾപ്പെടുത്തിക്കൊണ്ട് ദീനിനുവേണ്ടി മഹത്തായ ത്യാഗങ്ങൾ വരിച്ചുകൊണ്ട് കഴിഞ്ഞുകടന്നുപോയ ആ ആദ്യം വന്നവരുമായി നമ്മെ അല്ലാഹു കൂട്ടിച്ചേർത്തു. നമ്മൾ നമ്മുടെ അവസ്ഥകൾ എപ്പോഴും പരിശോധിച്ചുകൊണ്ട് നമ്മുടേതെല്ലാം അല്ലാഹുവിനുവേണ്ടി ത്യാഗം ചെയ്ത് ആ ആദിമക്കാരുടെ ത്യാഗങ്ങളെ എപ്പോഴും മുന്നിൽവയ്ക്കേണ്ടത് നമുക്കും നിർബന്ധമാണ്. എങ്കിൽ മാത്രമേ നാം അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച്, അവന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാകുകയുള്ളൂ. അവന്റെ സാമീപ്യം പ്രാപിക്കുകയുള്ളൂ. നമ്മുടെ ദുൻയാവും ആഖിറത്തും ഒരുക്കിയെടുക്കുകയുള്ളൂ. നമ്മുടെ കുട്ടികൾക്കുള്ള ഹിദായത്തിന്റെ മാർഗ്ഗം മുന്നോട്ട് സൃഷ്ടിക്കുകയുള്ളൂ. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി ഇന്ന് നാം ചെയ്യാൻ ശ്രമിക്കുന്ന ത്യാഗങ്ങളെല്ലാം അല്ലാഹുവിന്റെ കല്പനകൾക്ക് വിധേയമാക്കി ചെയ്യാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹു നമ്മളിൽനിന്ന്

എന്താണ് ആഗ്രഹിക്കുന്നതെന്ന് മനസ്സിലാക്കാൻ ശ്രമിക്കേണ്ടതാണ്. ഇത് നാം മനസ്സിലാക്കുന്നില്ലെങ്കിൽ എല്ലാതരം ത്യാഗങ്ങളെക്കുറിച്ചും ഇന്ന് അറിയുന്നത് നമ്മളാണെന്ന വാദം പൊള്ളയായിത്തീരുന്നതാണ്. അല്ലെങ്കിൽ, അഹ്മദികൾ മാത്രമേ അതിനെക്കുറിച്ച് അറിയുന്നുള്ളൂ എന്നും ആ ത്യാഗങ്ങളെ നേരിടാൻ ആർക്കും സാധ്യമല്ലെന്നുമുള്ള വാദം പൊള്ളയായിത്തീരുന്നതാണ്. ലോകത്ത് മറ്റു മുസ്‌ലിംകളും ത്യാഗങ്ങൾ ചെയ്യുന്നുണ്ട്. അല്ലെങ്കിൽ മറ്റുള്ളവർക്കു വേണ്ടിയും തങ്ങളുടെ ധനം അവർ ചെലവഴിക്കുന്നുവെന്ന് സമ്മതിക്കേണ്ടതാണ്. അവർ മറ്റുള്ളവരെ സഹായിക്കുന്നുണ്ട്. ജനങ്ങളോടുള്ള സഹതാപം പ്രകടിപ്പിക്കാനും സഹായിക്കാനും അവർ സ്ഥാപനങ്ങളും നടത്തുന്നുണ്ട്. ക്രിസ്ത്യാനികളും യഹൂദികളും മറ്റു മതാനുയായികളും വലിയ വലിയ സംഘടനകൾതന്നെ ഇതിനായി ഉണ്ടാക്കിയിട്ടുണ്ട്. അതിലൂടെ അവർ ദരിദ്രജനതയെ സഹായിക്കുന്നു. അതൊരുപാട് ചെയ്യുന്നുമുണ്ട്. പക്ഷേ, ഈ എല്ലാ സേവനത്തിന്റേയും സഹതാപത്തിന്റേയും പിന്നിൽ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കണമെന്ന വികാരമില്ല. അല്ലാഹു കല്പിച്ചതുകൊണ്ടാണ് ഈ സേവനം ചെയ്യുന്നതെന്ന ബോധമില്ല. താൽക്കാലികമായി ആകർഷിക്കപ്പെട്ട് ഏതെങ്കിലും ചാരിറ്റികൾ സഹായം ചെയ്യുന്നുണ്ട്. എന്നാൽ, അല്ലാഹു കല്പിച്ചതുകൊണ്ട് സേവനം ചെയ്യണമെന്നോ, അല്ലാഹുവിന്റെ നാമം ലോകത്ത് പരക്കുന്നതിനുവേണ്ടി ചെലവഴിക്കണമെന്നോ അല്ലാഹുവിന്റെ സൃഷ്ടികളെ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടി സേവിക്കണമന്നോ ഉള്ള വികാരമില്ല. ചിലയാളുകൾ അനുവദനീയമല്ലാത്ത മാർഗ്ഗത്തിലൂടെ നല്ല വണ്ണം സമ്പാദിക്കുന്നുണ്ട്. തങ്ങളുടെ കമ്പനിയുടെ ബജറ്റിൽ ചാരിറ്റിക്കുവേണ്ടി കുറച്ചു പണവും പ്രത്യേകം കാണിക്കുന്നു; സർക്കാരിന്റെ ടാക്സിൽ നിന്ന് ഒഴിവാകാനാണിത്. ഈ ചെയ്യുന്ന എല്ലാ ത്യാഗങ്ങളും, താൽക്കാലികവും ഉപരിപ്ലവമായിട്ടുള്ളതും മിക്കപ്പോഴും ജനങ്ങളെ കാണിക്കുന്നതിനുവേണ്ടിയുമായിരിക്കും. എന്നാൽ, ഒരഹ്മദിയുടെ ത്യാഗം, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നതാണ്. അങ്ങനെതന്നെയാണ് വേണ്ടതും. അല്ലാഹുവിന്റെ സൃഷ്ടികളെ സേവിക്കലാണ്. കാരണം അങ്ങനെ ചെയ്യാൻ അല്ലാഹു കല്പിച്ചിരിക്കുന്നു. മനുഷ്യകുലത്തിന് സേവനം ചെയ്യുക എന്നത് അല്ലാഹു ഒരു സത്യവിശ്വാസിയുടെ ചുമതലയാക്കിയിരിക്കുന്നു. ധനത്യാഗം ചെയ്യുകയാണെങ്കിൽ അതും അനുവദനീയമായ മാർഗ്ഗത്തിലൂടെ നേടിയെടുത്ത ധനം മുഖേന ചെയ്യേണ്ടതാണ്. അല്ലാഹു പറയുന്നു: ***വമാ തുൻഫിഖൂ മിൻ ഖയ്‌രിൻ ഫലിഅൻഫുസിക്കും***. ഏതൊരു നല്ല മുതൽ നിങ്ങൾ ചെലവഴിക്കുന്നുവോ അതിന്റെ ഫലം നിങ്ങൾക്കുതന്നെയായിരിക്കും. അത് നിങ്ങളുടെ ഗുണത്തിനു വേണ്ടിയാണ്. അല്ലാഹു 'ഖയ്ർ' എന്ന പദം ഉപയോഗിച്ചുകൊണ്ട്, അധ്വാനിച്ചുണ്ടാക്കിയതും അനുവദനീയമായ മാർഗ്ഗത്തിലൂടെ സമ്പാദിച്ചതുമായ ധനത്തിൽനിന്ന് ത്യാഗം ചെയ്യാൻ നമ്മോട് പറഞ്ഞിരിക്കുന്നു. മദ്യശാലകളിലും പന്നിയിറച്ചിക്കടകളിലും ജോലി ചെയ്ത് അല്ലെങ്കിൽ നിയമവിരുദ്ധമായ ജോലി ചെയ്ത് പണം സമ്പാദിച്ച് അതിൽ നിന്ന് ചന്ദ കൊടുക്കുക എന്നതല്ല. അല്ലെങ്കിൽ അനുവദനീയമല്ലാത്ത പണം സമ്പാദിച്ച് കുറച്ച് ദരിദ്രർക്കായി ചെലവഴിക്കുക എന്നതല്ല. ഹജ്ജ് ചെയ്തതോടെ ഹറാം മുതൽ ഹലാലായി എന്നതല്ല. തനിക്ക് അത്തരം പണം ആവശ്യമില്ലെന്ന് അല്ലാഹു പറയുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നത് 'ഖയ്ർ' ആയിരിക്കേണ്ടതാണ്. അത് അനുവദനീയമായ നിലയിൽ സമ്പാദിച്ചതാകേണ്ടതാണ്. ആ അനുവദനീയമായ മാർഗ്ഗത്തിൽ സമ്പാദിക്കുന്ന ധനത്തിൽ നിന്നും നിങ്ങളുടെ കഴിവനുസരിച്ച് ചന്ദയും കൊടുക്കുക. ഒരുലക്ഷം രൂപ വരുമാനമുണ്ടാക്കുകയും പത്തുരൂപ ചന്ദ കൊടുക്കുകയും ചെയ്തുകൊണ്ട് ത്യാഗത്തിന്റെ കടമ നിറവേറ്റി എന്ന് മനസ്സിലാക്കുകയല്ല. തനിക്ക് പണത്തിന്റെ ആവശ്യമില്ലെന്നും താൻ പരാശ്രയരഹിതനാണെന്നും ഈ ത്യാഗത്തിലൂടെ നിങ്ങളെ പരീക്ഷിക്കുകയാണെന്നും കാരണം ഇതെല്ലാം നിങ്ങളുടെ ഗുണത്തിനു വേണ്ടിയാണെന്നും അല്ലാഹു പറയുന്നു. ***ഫലിഅൻഫുസിക്കും*** എന്ന വാക്യം നിങ്ങളുടെ മനസ്സിൽ എപ്പോഴും ഇരിക്കേണ്ടതാണ്. ഈ ചിന്തയുണ്ടാകുമ്പോൾ, നിങ്ങളെക്കുറിച്ച് ***വമാ തുൻഫിഖൂന ഇല്ലബ്തിഗാഅ വജ്ഹില്ലാഹ്*** എന്ന കല്പനയനുസരിച്ച് നടക്കുന്ന ഭാഗ്യവാന്മാരാണെന്ന് മനസ്സിലാക്കിക്കൊള്ളുക. നിങ്ങൾ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടല്ലാതെ ഒന്നും ചെലവഴിക്കുന്നില്ല. ആരാണോ അല്ലാഹുവിന്റെ പ്രീതിയ്ക്കായി ചെലവഴിക്കുന്നത്, അവരോട് പറഞ്ഞു: ***യുവഫ്ഫ ഇലയ്ക്കും***. അത് പരിപൂർണ്ണമായ രീതിയിൽ നിങ്ങൾക്ക് മടക്കിത്തരുന്നതാണ്. അല്ലാഹു കടം ബാക്കി വയ്ക്കുകയില്ല. നിങ്ങളുടെ ക്ഷേമത്തിനായിട്ട് നിങ്ങളിൽനിന്ന് കടം വാങ്ങി എഴുന്നൂറിരട്ടിയാക്കി തിരിച്ചുതരും. പക്ഷേ, അല്ലാഹുവിൽനിന്ന് ഒന്നും മറച്ചുവയ്ക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ലെന്ന കാര്യം

ഓർമ്മിക്കുക. എല്ലാ വസ്തുക്കളെക്കുറിച്ചും അവന റിയാം. പരിശുദ്ധമായ ധനമാണെങ്കിൽ അവന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി ചെലവഴിക്കുകയാ ണെങ്കിൽ അവൻ വർദ്ധിപ്പിച്ച് തിരിച്ചുതരുന്നതായി രിക്കും. അനുവദനീയമല്ലാത്തതും വഞ്ചിച്ചും ചതിച്ചും ഉണ്ടാക്കിയതുമായ ധനം അല്ലാഹുവിന് ആവശ്യമില്ല. അവനത് സ്വീകരിക്കുകയില്ല. ഓരോ അഹ്മദിയും ധനത്യാഗം ചെയ്യുന്നത് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടിയാണെന്നത് അല്ലാഹുവിന്റെ തന്നെ ഔദാര്യമാണ്. സൽപന്ഥാ വിലൂടെ സമ്പാദിച്ച ധനവുമായിരിക്കണമത്. ചില ഘട്ട ങ്ങളിൽ തെറ്റുധാരണയ്ക്കു വിധേയരായി ചിലർ ചില പ്രവൃത്തികൾ ചെയ്യാറുണ്ട്. ഞാൻ പറഞ്ഞത് പൊതുവെ നടന്നുവരുന്ന കാര്യമാണ്. ത്യാഗം ചെയ്ത ധനം നല്ലതാണെന്നതിനും അത് സ്വീകരിക്കപ്പെട്ടു എന്നതിനുമുള്ള തെളിവുകളും ചിലപ്പോൾ പെട്ടെന്ന് പ്രകടമാകാറുണ്ട്.

തോതനുസരിച്ച് എന്നല്ല അതിനേക്കാൾ കൂടു തൽ തങ്ങളുടെ ചന്ദആം കൊടുക്കുകയും ആദ്യമെ തന്നെ ബഡ്ജറ്റ് എഴുതിപ്പിക്കുകയും ചെയ്യുന്ന ചിലരെ എനിക്കറിയാം. തഹ്‌രീകെ ജദീദ് തുടങ്ങിയ വയിലും അത്യുത്സാഹത്തോടെ അവർ പങ്കെടുക്കു ന്നു. തോട്ടത്തിൽ നിന്ന് അല്ലെങ്കിൽ കൃഷിയിൽനിന്ന് വരുമാനമുണ്ടാകുമെന്ന് അവർ പ്രതീക്ഷിക്കുന്നു. ബാഹ്യമായി നോക്കിയാൽ അത് അധികം വരുമാനം കിട്ടുന്ന കൃഷിയായിരിക്കുകയില്ല. പക്ഷേ, അല്ലാഹു അതിൽ അനുഗ്രഹം ചൊരിയുന്നു. അതുകൊണ്ട് വർദ്ധിപ്പിച്ച് തങ്ങളുടെ വാഗ്ദാനം അവർ എഴുതിപ്പി ക്കുന്നു. ചിലപ്പോൾ, അഹ്മദി കൃഷിക്കാരുടെ വിള വ്, സമീപവാസികളുടെ വിളവിനേക്കാൾ മേനിയു ള്ളതും വളരെ നല്ലതുമായി കാണാറുണ്ട്. പല കൃഷി ക്കാരും തങ്ങളുടെ അനുഭവങ്ങൾ എന്നോട് പറഞ്ഞി ട്ടുണ്ട്. നിങ്ങളുടെ ധാന്യം ബാഹ്യത്തിൽ ഞങ്ങളുടേ തുപോലെ തന്നെയായിരുന്നു, പക്ഷേ, നല്ല വിളവ് നിങ്ങൾക്ക് കിട്ടാൻ കാരണമെന്താണ് എന്ന് മറ്റുള്ള വർ അഹ്മദികളോടു ചോദിക്കാറുണ്ട്. അപ്പോൾ അഹ്മദികൃഷിക്കാർ നല്കുന്ന മറുപടി, ഇതിൽ അല്ലാ ഹുവിന് പങ്കുണ്ട്, അതുകൊണ്ട് നല്ലവിളവുണ്ടായി എന്നാണ്. ഞങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിച്ചുകൊണ്ടിരിക്കുന്നു, അവൻ തന്റെ വാഗ്ദാ നമനുസരിച്ച് നല്ലരീതിയിൽ മടക്കിത്തന്നുകൊണ്ടി രിക്കുന്നു. ചന്ദ കൊടുക്കുന്നവരുടെ വ്യാപാരങ്ങളിലും അല്ലാഹു ഇങ്ങനെ അനുഗ്രഹം ചൊരിയുന്നു. ഈ മാതൃക, അല്ലാഹു നമ്മെ കാണിച്ചുകൊണ്ട്, തന്റെ ദാസന്മാരുടെ വിശ്വാസം ദൃഢീകരിക്കുകയാണ് ചെയ്യുന്നത്. ഈ ലോകത്ത് കിട്ടിക്കൊണ്ടിരിക്കുന്ന ഈ പാരിതോഷികങ്ങളിലൂടെ, അടുത്തലോകത്ത് അവൻ തരുമെന്ന് പറഞ്ഞിട്ടുള്ള അനുഗ്രഹങ്ങളും തെറ്റുകയില്ലെന്ന് തെളിയിക്കുകയാണ്. അതും സത്യ മായി പുലരുകതന്നെ ചെയ്യും. പഴയ അഹ്മദി കുടും ബങ്ങളിൽ ഒരുപാടാളുകൾ ഇതിന് സാക്ഷികളാണ്. അവരുടെ പൂർവ്വപിതാക്കൾ വരിച്ച ത്യാഗങ്ങളുടെ ഫലമായി അല്ലാഹു അവരുടെ മക്കളെ എത്രമാത്ര മാണ് അനുഗ്രഹിച്ചിട്ടുള്ളത്. ചില മഹാത്മാക്കളുടെ ത്യാഗങ്ങളിൽ പിടിച്ചുകിടക്കുന്ന മധുരഫലങ്ങൾ വഹിച്ചുകൊണ്ടുപോകാൻ അവരുടെ മക്കൾക്കു കഴി യുന്നില്ല. മക്കൾക്ക് അത് നോക്കിനടത്താൻ പ്രയാ സമായിരിക്കുന്നു. തങ്ങളുടെ പൂർവ്വപിതാക്കൾ ചെയ്ത ത്യാഗങ്ങളുടെ ഫലമാണിതെന്ന് തിരിച്ചറി ഞ്ഞിട്ടുള്ളവർ, മനസ്സിലാക്കിയിട്ടുള്ളവർ വീണ്ടും അല്ലാഹുവിനോട് ക്രയവിക്രയം നടത്തുന്നു. അത്യു ത്സാഹത്തോടെ ധനത്യാഗം ചെയ്യുന്നു. ഇതാണ് അല്ലാഹുവുമായിട്ടുള്ള ക്രയവിക്രയം. അവൻ 700 ഇരട്ടിയോ അതിനേക്കാൾ കൂടുതലോ മടക്കിക്കൊ ടുക്കുന്നു.

നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ അവിടത്തെ പരിശുദ്ധ ശക്തിപ്രഭാവം കൊണ്ടുണ്ടായ പരിവർത്തനവും, അല്ലാഹുവിന്റെ തൃപ്തി കരസ്ഥ മാക്കുന്നതിനുവേണ്ടി സഹാബിമാർ ചെയ്ത ജീവ- ധനത്യാഗവും അവിടത്തെ സത്യസന്ധനായ ദാസന്റെ ജമാഅത്തിൽ നമുക്ക് ഇന്ന് കാണാൻ കഴിയുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) ന്റെ കാലഘട്ട ത്തിലും ആവശ്യമുണ്ടായപ്പോൾ, തന്റെ മകന്റെ മയ്യിത്ത് തുണിക്കായി വച്ചിരുന്ന പണം ചന്ദയായി അയച്ചുകൊടുത്തവരുണ്ടായിട്ടുണ്ട്. സ്വരുകൂട്ടി വച്ചി രിക്കുന്ന പണം ചിലർ ചന്ദയായി കൊടുത്തയച്ചു. ചിലർ തങ്ങളുടെ വരുമാനം മുഴുവൻ അല്ലാഹുവിന്റെ മസീഹിന്റെ കാൽക്കീഴിൽ കൊണ്ടുപോയിട്ടു. എത്ര മാത്രമെന്നാൽ അവസാനം 'നിങ്ങൾ ഒരുപാട് ത്യാഗ ങ്ങൾ ചെയ്തുകഴിഞ്ഞിരിക്കുന്നു, ഇതുമതി ഇനി കൂടുതൽ ആവശ്യമില്ല' എന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് പറയേണ്ടി വന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം ഖലീഫമാ രിൽനിന്ന് ആഹ്വാനമുണ്ടായപ്പോഴെല്ലാം ജമാഅത്തം ഗങ്ങൾ അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാക്കു ന്നതിനായി ധനത്യാഗത്തിന്റെ ഉന്നതമായ നില നാ

ട്ടി. ഇന്നലെ എനിക്കൊരു സുഹൃത്തിന്റെ കത്തുകിട്ടി. അദ്ദേഹം പറയുന്നു. തഹ്‌രീകെ ജദീദിന്റെ പുതുവർഷം ആരംഭിക്കാൻ പോകുകയാണ്. ഭാര്യയേയും കുട്ടികളേയും പൂർവ്വികരേയും ചേർത്ത് 3000 രൂപയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. ഈ വർഷം ഞാനത് കൂട്ടി 5000 രൂപയാക്കാൻ ആഗ്രഹിക്കുന്നു. ഇത് അടച്ചുതീർക്കാൻ കഴിയുമോ എന്ന ശങ്കയുണ്ടായെങ്കിലും വാഗ്ദാനം അത്രതന്നെ എഴുതാൻ ഞാൻ തീരുമാനിച്ചു. ഇങ്ങനെ ചിന്തിച്ചിരിക്കുമ്പോൾ ഒരു സാഹിബ് വന്നു. ഒരു കവർ എനിക്കുതന്നു. അതിൽ 3000 രൂപയുണ്ടായിരുന്നു. ആരോ പെരുന്നാളിന് പാരിതോഷികമായി അയച്ചതാണ്. ഞാൻ ചന്ദ വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചതേയുള്ളൂ. അല്ലാഹു അനുഗ്രഹിച്ചു. അപ്പോൾതന്നെ വേറൊരാളും വന്നു. അയാളും ഒരു കത്തു തന്നു. അത് വിദേശത്തുനിന്ന് ഏതോ സുഹൃത്ത് അദ്ദേഹത്തിന് അയച്ചുകൊടുത്തതാണ്. അതിൽ 5000 രൂപയുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ വാഗ്ദാനം കൂട്ടണമെന്ന് തീരുമാനിച്ചതേയുള്ളൂ, അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ മഴ വർഷിക്കാൻ തുടങ്ങി. അല്ലാഹു അവൻ പറഞ്ഞതുപോലെ പൂർണ്ണമായും തിരിച്ചുകൊടുക്കുന്നു. അപ്പോൾ 5000നു പകരം 10000 എഴുതിക്കാൻ അദ്ദേഹം തീരുമാനിച്ചു. അദ്ദേഹം തന്റെ ഭാര്യയോടും അഭിപ്രായം ആരാഞ്ഞു. അവരും തന്റെ വാഗ്ദാനം കൂട്ടി. വ്യക്തിപരമായി എനിക്കവരെ അറിയാം. എളുപ്പത്തിൽ ഇത്രയും തുക കൊടുക്കാൻ പറ്റുന്ന പരിതസ്ഥിതിയല്ല അവർക്കുള്ളത്. പക്ഷേ, അല്ലാഹുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അറിവുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യതയിൽ ദൃഢവിശ്വാസമുണ്ട്. ദീനിന് ചെലവുണ്ടെന്നുള്ള വിചാരമുണ്ട്. അഹ്‌മദിയ്യാ ഖിലാഫത്തിനെ അല്ലാഹുവിന്റെ സമ്മാനങ്ങളിൽ ഒരു സമ്മാനമായി അവർ മനസ്സിലാക്കുന്നു. അതുകൊണ്ട് നിർഭയം ഈ തീരുമാനമെടുത്തു. അല്ലാഹുതആല, ഇവർക്കും ഇതുപോലെ ഒരുപാടാളുകൾ വേറെയുമുണ്ട്, അവർക്കുമെല്ലാം അവരുടെ ധനത്തിലും ജീവനിലും അതിരില്ലാത്ത അനുഗ്രഹം ചൊരിയുമാറാകട്ടെ. അല്ലാഹു ഈ ത്യാഗങ്ങളെ ഒരിക്കലും പാഴാക്കിക്കളയുകയില്ല.

ഇനി ഞാൻ സാമ്പത്തികമായ ത്യാഗങ്ങളുടെ വിലയിരുത്തലുകൾ സമർപ്പിക്കുന്നതിനു മുമ്പേ, ഒരു കാര്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) തഹ്‌രീകെ ജദീദ് വിളംബരം ചെയ്തപ്പോൾ, അക്കാലത്തും അതിനുശേഷവുമുള്ള വർഷങ്ങളിലും മാർഗ്ഗദർശനം നൽകിക്കൊണ്ടിരുന്നു. അതിന്റെ ഉദ്ദേശ്യം എന്താണെന്നും, എങ്ങനെ അത് കരസ്ഥമാക്കാൻ കഴിയുമെന്നും പറഞ്ഞുകൊണ്ടിരുന്നു. ആരംഭത്തിൽ അവിടന്ന് 19 ആവശ്യങ്ങൾ ജമാഅത്തിന്റെ മുമ്പിൽ വെച്ചു. പിന്നീട് അതിനു പുറമേയും നിർദ്ദേശങ്ങൾ തന്നിട്ടുണ്ട്. ഈ എല്ലാ ആവശ്യങ്ങളും ശിക്ഷണത്തിനും ആത്മീയമായ അഭിവൃദ്ധിയ്ക്കും ത്യാഗത്തിന്റെ നിലവാരം ഉയർത്തുന്നതിനും അത്യാവശ്യമാണ്. ജമാഅത്ത് ഈ ഭാഗത്തേക്കും ശ്രദ്ധിക്കേണ്ടതാണ്. ഇത് ഇന്നും പ്രാധാന്യമുള്ളതാണ്. ഉദാഹരണത്തിന് ആദ്യം ആവശ്യപ്പെട്ടിട്ടുള്ളത് ലളിതമായ ജീവിതമാണ്. ഇന്ന് ഭൗതികതയുടെ കടന്നുകയറ്റം മുമ്പത്തേക്കാൾ വളരെയധികമാണ്. അതുകൊണ്ടുതന്നെ ഇതിലേക്ക് അഹ്‌മദികൾ കൂടുതൽ ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. കാരണം ലാളിത്യം സ്വായത്തമാക്കിക്കൊണ്ടു മാത്രമേ ദീനിന്റെ ആവശ്യങ്ങൾക്കുവേണ്ടി ത്യാഗം വരിക്കാൻ സാധിക്കുകയുള്ളൂ. വീടുകളിൽ അതിഥിസൽക്കാരം അമിതമായി ചെയ്യുന്നതിൽ ചിലർക്ക് താല്പര്യമുണ്ടാകാറുണ്ട്. അതിഥിസൽക്കാരം വേണ്ടതുതന്നെയാണ്. വൃത്തിയും വേണം, സൗന്ദര്യവും വേണം, മോടിയുമൊക്കെ വേണം. പക്ഷേ, ചിലയാളുകൾ കരുതുന്നത് വിലപിടിച്ച സാധനങ്ങൾ കൊണ്ടേ ഒരുക്കങ്ങൾ നടത്താൻ കഴിയുകയുള്ളൂവെന്നാണ്. ചന്ദ കൊടുക്കാതെ വിലപിടിച്ച സാധനങ്ങൾ വാങ്ങി വീട് മോടിപിടിപ്പിക്കുന്നവരും ഉണ്ട്. വിവാഹാവസരങ്ങളിൽ അനാവശ്യചെലവുകൾ നടത്തുന്നു. ഈ തുക മിച്ചം വയ്ക്കുകയാണെങ്കിൽ പാവപ്പെട്ടവരുടെ വിവാഹം നടത്താൻ കഴിയും. പള്ളിനിർമ്മാണത്തിന് കൊടുക്കാൻ കഴിയും, മറ്റു പദ്ധതികൾക്കായി ചെലവഴിക്കാനും കഴിയും.

ശത്രുക്കൾ പ്രസിദ്ധീകരിച്ചിട്ടുള്ള ദുഷിച്ച പുസ്തകങ്ങൾക്ക് മറുപടി കൊടുക്കാനും അവിടന്ന് പറയുകയുണ്ടായി. ഇന്നും ഇസ്‌ലാമിന്റെയും നബി (സ) തിരുമേനിയുടേയും മേൽ ആക്രമണം നടന്നുകൊണ്ടിരിക്കുന്നു. മിക്ക രാഷ്ട്രങ്ങളിലും ഖുദ്ദാമുൽ അഹ്‌മദിയ്യാ മുഖേനയും സംഘടിതമായ നിലയിൽ പ്രതികരിക്കാറുണ്ട്. എങ്കിലും ഇനിയും ഒരുപാട് ചെയ്യാൻ കഴിയുന്നതാണ്.

പാശ്ചാത്യസമൂഹത്തിൽ, നാമമാത്ര സൂഫിസവും പ്രചരിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇതിലേക്ക് ആകർഷിക്കപ്പെട്ട് യുവാക്കൾ തെറ്റായ വഴിയിലൂടെ

നടക്കാൻ തുടങ്ങിയിരിക്കുന്നു. പാശ്ചാത്യസമൂഹത്തിൽ, അല്ലാഹുവിനെയും പരിഹസിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഒരു ഗ്രന്ഥമിറങ്ങിയിട്ടുണ്ട്. അതിലും അല്ലാഹുവിന്റെ അസ്തിത്വത്തെ നിരാകരിക്കാനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. അല്ലാഹുവിനെ നിഷേധിക്കുക എന്നത്, പാശ്ചാത്യദേശത്ത് ഒരു ഫാഷനായിക്കൊണ്ടിരിക്കുകയാണ്. ജമാഅത്തും, ശാഖാ സംഘടനകളും ഇതിൽ ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ ആൺകുട്ടികളും പെൺകുട്ടികളും യുവാക്കളും ഇതിൽ ആകൃഷ്ടരാകാൻ അനുവദിക്കരുത്. അവരുടെ ആക്ഷേപത്തിന് മറുപടി തയ്യാറാക്കേണ്ടതാണ്. നിരർത്ഥകമാണെന്ന് പറഞ്ഞ് തള്ളാതെ തെളിവോടുകൂടി മറുപടി നല്കേണ്ടതാണ്. ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾ, കേന്ദ്രത്തിലേക്കോ, എനിക്കോ അയക്കുക. അപ്പോൾ അതിനും ശക്തമായ മറുപടി തയ്യാറാക്കാൻ കഴിയും.

വഖ്ഫെ ആർസിക്ക് തയ്യാറാവാനും അവിടന്ന് പറയുകയുണ്ടായി. ഈ ഭാഗത്തേക്കും ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. യൂറോപ്പ്, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ, ഇത് നടപ്പിൽ വരുത്തുകയാണെങ്കിൽ സ്വന്തം ശിക്ഷണത്തിനും തബ്‌ലിഗിനും ഒരുപാട് ഗുണം ചെയ്യും. റിട്ടയേർഡ്മെന്റിനു ശേഷമുള്ള വഖ്ഫ് ഉണ്ട്. പാശ്ചാത്യരാജ്യങ്ങളിൽ ഇപ്പോഴും ഇത്തരക്കാരെ ഒരുപാട് ആവശ്യമുണ്ട്. അതുകൊണ്ട് അഹ്മദികൾ– ഇവിടെ സർക്കാരിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സൗകര്യം ലഭിക്കുന്നവർ– തങ്ങളെ ജമാഅത്തിന്റെ സേവനത്തിനായി അർപ്പിക്കേണ്ടതാണ്. അതിന് ജമാഅത്തിൽനിന്ന് സാമ്പത്തികസഹായം ആവശ്യപ്പെടാൻ പാടില്ല. അവരുടെ ആവശ്യങ്ങൾ പെൻഷൻ തുടങ്ങിയവ മുഖേന പൂർത്തിയാകുന്നുണ്ടല്ലോ. അതുകൊണ്ട് ആരോഗ്യമുണ്ടെങ്കിൽ, മറ്റു പറയത്തക്ക ഉത്തരവാദിത്തങ്ങൾ ഒന്നുമില്ലെങ്കിൽ– ചിലർ റിട്ടയർമെന്റിനുശേഷം വീണ്ടും ജോലിയും മറ്റും അന്വേഷിക്കാറുണ്ട്. കുട്ടികൾ പഠിക്കുന്നവരായിരിക്കും. കിട്ടുന്നത് അവരുടെ ചെലവിന് തികയുന്നില്ല. അത്തരം ഉത്തരവാദിത്തമില്ലാത്തവർ– ജമാഅത്തിനു സേവനം ചെയ്യാൻ തങ്ങളെ സമർപ്പിക്കേണ്ടതാണ്. എന്നാൽ, ചിലപ്പോൾ പ്രതിഫലമൊന്നും പറ്റാതെ നമ്മൾ ജമാഅത്തിനുമേൽ ഔദാര്യം ചെയ്യുന്നുവെന്ന തോന്നലുണ്ടാകാനിടയുണ്ട്. തങ്ങളെ സമർപ്പിക്കാൻ കഴിയുന്നത് അല്ലാഹുവിന്റെയും ജമാഅത്തിന്റേയും ഔദാര്യമായി മനസ്സിലാക്കുക.

മറ്റൊന്ന് അവിടന്ന് പറഞ്ഞത് യുവാക്കളിൽ നിന്ന് അലസതയും മടിയും അവസാനിപ്പിക്കുക എന്നതായിരുന്നു. ഇതും വളരെ ഭയാനകമായ ഒരു രോഗമാണ്. അത് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പാക്കിസ്ഥാനിൽ ചില യുവാക്കൾ, വെറുതെയിരിക്കുന്നത് തങ്ങളുടെ സഹോദരങ്ങളോ പിതാവോ വിദേശത്ത് ജോലി ചെയ്യുന്നതുകൊണ്ടാണ്. അവർ വെളിയിൽ നിന്ന് പണം അയക്കുന്നു. അതുകൊണ്ട് ഉത്തരവാദിത്വബോധമില്ല. അല്ലെങ്കിൽ, വിദേശത്തുപോകണം എന്ന വിചാരത്താൽ ഇരിക്കുന്നു. ഇപ്പോൾ വിദേശത്തു പോകുക എന്നതും എളുപ്പമുള്ള കാര്യമല്ല. അതുകൊണ്ട് ആ പ്രതീക്ഷയിൽ ഇത്തരക്കാർ ഇരിക്കാൻ പാടില്ല. പോകുന്നവരുടെ കാര്യംതന്നെ നല്ല രീതിയിൽ നടക്കാറില്ല. അതുകൊണ്ട് അനാവശ്യമായി സമയം പാഴാക്കിക്കളയരുത്. ആത്മാവിനെ വഞ്ചിക്കരുത്. സ്വയം നിങ്ങളെ നിയന്ത്രിക്കുക. ജമാഅത്തും ശാഖാ സംഘടനകളും ഇക്കാര്യത്തിൽ വ്യക്തമായ പരിപാടികൾ തയ്യാറാക്കേണ്ടതാണ്. യുവാക്കളെ നന്നാക്കിയെടുക്കേണ്ടതാണ്. വെറുതെയിരിക്കുന്നവർ, തങ്ങളെ എങ്ങനെയെങ്കിലും വിദേശത്തേക്ക് വിളിക്കാൻ ആവശ്യപ്പെടുന്നു. ചില ആൺകുട്ടികളുടെ മാതാപിതാക്കളും, തങ്ങളുടെ അവസ്ഥ മോശമാണെന്നും അതുകൊണ്ട് അവരെ വിദേശത്തേക്ക് വിളിക്കുക എന്നും പറയുന്നു. അല്ലെങ്കിൽ അവരുടെ വിവാഹം വിദേശത്ത് നടത്താൻ പറയുന്നു. എങ്ങനെയാണെങ്കിലും വേണ്ടില്ല. അത്തരക്കാരുടെ വിവാഹം നടന്ന് ഇവിടെ വരുമ്പോൾ, ഇവിടെത്തെ അവരുടെ നില നന്നായിത്തീരുമ്പോൾ ഭാര്യമാരുടെമേൽ അക്രമം കാണിക്കാൻ തുടങ്ങുന്നു. അല്ലെങ്കിൽ അവരെ ഉപേക്ഷിക്കുന്നു. ഇങ്ങനെയൊരു തെറ്റായ പ്രവണതയും തുടങ്ങികഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് അത്തരം ചെറുപ്പക്കാരോട് ഞാൻ പറയുകയാണ്, പ്രത്യേകിച്ച് പാക്കിസ്ഥാനീ ഹിന്ദുസ്ഥാനീ യുവാക്കളോട് നിങ്ങളുടെ നാട്ടിൽ അധ്വാനിക്കാനും, അധ്വാനിച്ചുതിന്നാനും ശീലമുണ്ടാക്കുക. ഇതിന്നിടയിൽ വെളിയിലെന്തെങ്കിലും ശരിയായാൽ പോകുകയും ചെയ്യാം. പക്ഷേ, വെളിയിൽ പോകണമെന്ന് പറഞ്ഞ് കൈയുംകെട്ടിയിരിക്കുന്നത് ശരിയല്ല. അതുമുഖേന ഒരുപാട് ദുഷിച്ച ശീലങ്ങളുണ്ടാകുന്നു. ഒരുപാട് തിന്മകളുണ്ടാകുന്നു. പിന്നീട് ആ തിന്മകൾ സമൂഹത്തിലും പരക്കാൻ തുടങ്ങുന്നു. പരിസരങ്ങളിലും ങ്ങളിലും അത് വ്യാപിക്കുന്നു. ഇവിടെ വന്നിട്ടും ഒരു പണിയും പഠിക്കാത്തവരുമുണ്ട്. ഭാഷ പഠിക്കാത്തവരുണ്ട്. എന്തെങ്കിലും ചെറിയ ബുദ്ധിമുട്ടുണ്ടായാൽ, രോഗമാണെന്ന് പറഞ്ഞ് വീട്ടിൽ കയറിയിരിക്കുന്നു;

സഹായം ലഭിക്കാൻ. ജോലി എടുക്കുകയില്ല. തൊഴിലെടുപ്പിക്കാനുള്ള ശീലമുണ്ടാക്കേണ്ട ആവശ്യം ഇവിടേയുമുണ്ട്.

എന്തായാലും മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞ ചില കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. ജമാഅത്ത് അവരുടെ അവസ്ഥയ്ക്കനുസരിച്ച് ഓരോ കാര്യവും പരിശോധിക്കേണ്ടതാണ്. തദ്ദേശപരമായി എന്തൊക്കെയാണ് നടപ്പിൽ വരുത്തേണ്ടതെന്ന് വിലയിരുത്തുക. കാരണം ഇതുമുഖേന സാമൂഹികപ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. അതോടൊപ്പം ശിക്ഷണത്തിന്റേയും, ത്യാഗത്തിന്റേയും നിലവാരവും മെച്ചപ്പെടുത്തേണ്ടതാണ്. അല്ലാഹു ഓരോ അഹ്മദിയിലും സത്യസന്ധനായ അഹ്മദിയുടെ ആത്മാവ് സൃഷ്ടിക്കുമാറാകട്ടെ.

തഹ്‌രീകെ ജദീദിന്റെ ഒക്ടോബറിൽ അവസാനിച്ച വർഷത്തിൽ നടന്ന പ്രവർത്തനറിപ്പോർട്ട് അനുസരിച്ച് മൊത്തം പിരിഞ്ഞുകിട്ടിയ തുക മുപ്പത്തഞ്ച് ലക്ഷത്തിഅയ്യായിരം പൗണ്ടാണ്. അൽഹംദുലില്ലാഹ്. ദൈവാനുഗ്രഹത്താൽ പണം അടച്ചതിന്റെ അടിസ്ഥാനത്തിൽ പാക്കിസ്ഥാനാണ് ഒന്നാം സ്ഥാനത്ത്. പിന്നീട് അനുക്രമം അമേരിക്ക, ബ്രിട്ടൻ, ജർമ്മനി, കാനഡ, ഇൻഡോനേഷ്യ, ഇന്ത്യ, ആസ്ത്രേലിയ, ബെൽജിയം, മൗറിഷ്യസ്, സ്വിറ്റ്സർലാന്റ്.

ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ നൈജീരിയയാണ് ഒന്നാംസ്ഥാനത്ത്. പക്ഷേ, ഘാനയിൽനിന്ന് റിപ്പോർട്ട് വന്നിട്ടില്ലെന്നാണ് തോന്നുന്നത്. ഘാനക്കാർ കുറച്ച് തങ്ങളെ ആക്ടീവാക്കേണ്ടതുണ്ട്. ഒരു രംഗത്ത് വേഗം കൂടുമ്പോൾ അടുത്ത് രംഗം മറന്നു പോകുന്നു.

റിപ്പോർട്ടുകൾ അയക്കാതിരിക്കുക എന്ന ബലഹീനത ജമാഅത്തുകൾക്കുണ്ട്. അതിലേക്കും ശ്രദ്ധിക്കണം. മുടങ്ങാതെ റിപ്പോർട്ട് അയക്കേണ്ടതാണ്.

ചന്ദ തഹ്‌രീകെ ജദീദ് കൊടുക്കുന്നവരുടെ എണ്ണം 4,80,460 ആണ്. ഇത് കഴിഞ്ഞവർഷത്തേക്കാൾ 40,000 അധികമാണ്. ഇപ്രകാരംതന്നെ 'ദഫ്തർ ഔവ്വൽ' ഞാൻ വിളംബരം ചെയ്തിരുന്നു. അതിന്റെ രജിസ്റ്റർ വയ്ക്കാൻ പറഞ്ഞിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആ രജിസ്റ്ററുകളെല്ലാം പ്രവർത്തനസജ്ജമായിരിക്കുന്നു.

പാക്കിസ്ഥാനികളുടെ കണക്ക് പ്രത്യേകമായി താരതമ്യം ചെയ്യാറുണ്ട്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ പറയാറുമുണ്ട്. പാക്കിസ്ഥാനിൽ ഒന്നാം സ്ഥാനം, ലാഹോർ, രണ്ടാം സ്ഥാനം റബ്‌വ, മൂന്നാംസ്ഥാനം കറാച്ചി. ജമാഅത്തുകളുടെ അടിസ്ഥാനത്തിൽ (ഇത് അതീവ താൽപര്യത്തോടുകൂടിയാണ് പാക്കിസ്ഥാനികൾ കേൾക്കുന്നത്) റാവൽപിണ്ടി, ഇസ്‌ലാമാബാദ്, ഫയ്സലാബാദ്, മുൽത്താൻ, കോയിട്ട, കുൽലി (കുൽലി ജമാഅത്തിന്റെ വരുമാനം എടുത്തുപറയാൻ സാധിക്കുന്നതത്രയില്ല. എണ്ണം കുറവാണവിടെ, കൃഷിക്കാരും കച്ചവടക്കാരുമുണ്ട്. എന്നിട്ടും ഇവരുടെ ത്യാഗനിലവാരം ദൈവാനുഗ്രഹത്താൽ വളരെ ഉയർന്ന നിലയിൽ നാം കാണുന്നു.) പിശാവർ, ഭാവൽപൂർ, ഖാനെവാൽ, ഡേരാ ഖാസിഖാൻ.

പട്ടണങ്ങളിലും ജില്ലകളിലുംവെച്ച് സിയാൽകോട്ട്, സർഗോദ, ഗുജറൻവാല, മീർപൂർഖാസ്, ശേഖുപുര, ബഹാവൽനഗർ, ഹൈദരാബാദ്, നാരോവാൽ, ഉക്കാഡ, സാങ്കട, ഖുസൂർ എന്നീ ക്രമത്തിലാണ്.

ഇവിടെ ഇപ്രാവശ്യം ഞാൻ യു.കെയേയും അല്പം വിലയിരുത്തി; നിങ്ങളേയും അല്പം കുടയുന്നതിനുവേണ്ടി. ഇതിനുശേഷം ഒന്നുകിൽ നിങ്ങൾ ലജ്ജിതരാകണം, ഇല്ലെങ്കിൽ എനിക്ക് ലജ്ജിതനാകേണ്ടിവരും. ബ്രഡ്ഫോർട്ടിന്റെ കഴിഞ്ഞവർഷം പിരിഞ്ഞുകിട്ടിയ തുക 14500 പൗണ്ടാണ്. ഈ വർഷം കഴിഞ്ഞവർഷത്തെക്കാൾ 1000 പൗണ്ട് കുറവായിപ്പോയി. പുരോഗതി പ്രാപിക്കുന്നതിനുപകരം പിന്നാക്കം പോയിരിക്കുകയാണ്. കഴിഞ്ഞവർഷം ശരാശരി ആളൊന്നിന് 49 പൗണ്ടിനേക്കാളധികം ചന്ദ കൊടുത്തിരുന്നു. ഈ വർഷം അത് കുറഞ്ഞ് 22 പൗണ്ടായി. ഏറ്റവും കുറഞ്ഞ അംഗങ്ങളെ തഹ്‌രീകെ ജദീദിൽ പങ്കെടുത്തിട്ടുള്ളൂ. പള്ളിക്കുവേണ്ടി പണം ഒരുപാട് ചെലവഴിക്കുന്നെന്ന് പറഞ്ഞേക്കാം. അത് നല്ലതുതന്നെ. പള്ളി തീർച്ചയായും നിർമ്മിക്കുക. പള്ളികൾ ലോകത്ത് എല്ലായിടത്തും നിർമ്മിക്കുന്നുണ്ട്. ത്യാഗങ്ങളും അതനുസരിച്ച് കൂടണം.

ബർമിംഗ്ഹാം ജമാഅത്തിനേയും ഞാൻ പരിശോധിച്ചു. ഇവിടെയും പങ്കെടുത്തവർ വളരെ കുറവാണ്. എന്നാൽ, അല്ലാഹുവിന് നന്ദി. ഇവിടെ കഴിഞ്ഞവർഷം 53.96 പൗണ്ട് ശരാശരിയായിരുന്നത് ഇപ്രാവശ്യം 54.62 ആയിട്ടുണ്ട്. അല്പം വർദ്ധനവും ഉണ്ടായിട്ടുണ്ട്. ഏതായാലും ബെർമിംഗ്ഹാം ജമാഅത്തിന് പള്ളിപ്പണിയുണ്ടെന്ന് പറയാൻ ഇപ്പോൾ അവസരമില്ല. ലണ്ടനിലുള്ള ജമാഅത്തുകളിൽ എന്റെ ആഗ്രഹമനുസരിച്ച് മസ്ജിദ് ഫള്ൽ അടച്ചുതീർത്ത തുകയാണ് ഏറ്റവും മെച്ചപ്പെട്ടത്. ശരാശരി

കണക്ക് 101 പൗണ്ടാണ്. ഇവിടെയും മറ്റുള്ള സ്ഥലങ്ങളിലേതുപോലെതന്നെ ജോലി ചെയ്യുന്നവരാണ്. മസ്ജിദ് ഫള്ലുമായി ബന്ധപ്പെട്ടവരാണ് ഇംഗ്ലണ്ടിൽ ഏറ്റവും കൂടുതൽ ചന്ദ നല്കുന്നതെന്ന് ഞാൻ കരുതുന്നു. ഇവർ 1500 പൗണ്ട് കൂടുതലായും പിരിച്ചിട്ടുണ്ട്. ബയ്ത്തുൽഫുതൂഹുമായി ബന്ധംവയ്ക്കുന്നവരുടെയും ചന്ദ വ്യക്തിഗതമായി നോക്കുമ്പോൾ താഴോട്ടാണ്. 34 പൗണ്ടായിരുന്നത് ഇപ്രാവശ്യം 23 പൗണ്ടായി. ഇവിടെ എന്തു ഭാരമാണ് വന്നുവീണതെന്നറിയില്ല. ടൂട്ടിനിലെ ജമാഅത്തിൽ ചന്ദ കൊടുക്കുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. 255 ആയിരുന്നു കഴിഞ്ഞവർഷം. ഈ വർഷം 382 ആയിട്ടുണ്ട്. എന്നാൽ, ശരാശരി ചന്ദ നോക്കുമ്പോൾ 4 പൗണ്ട് കുറഞ്ഞുപോയിരിക്കുന്നു.

ഇതാണ് നിങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ. ഇനി നിങ്ങൾതന്നെ നിങ്ങളെക്കുറിച്ച് ചിന്തിക്കുക.

മൂന്നാംസ്ഥാനമാണ് ഇംഗ്ലണ്ട് ജമാഅത്തിനുള്ളത്. മൂന്നാം സ്ഥാനത്ത് എത്തിയിട്ടും, അവിടെത്തെ ചില വലിയ ജമാഅത്തുകളിൽനിന്ന് അടച്ചതുക കുറവാണ്.

ലോകത്ത് ഏത് രാജ്യമാണ് ശരാശരി ചന്ദ കൂടുതൽ നൽകിയതെന്ന് ഞാൻ പരിശോധിച്ചപ്പോൾ അമേരിക്കയിലെ ചന്ദ ശരാശരി 91 പൗണ്ട് ആകുന്നുണ്ട്. യുകെയുടേത് 45.85. പള്ളി പണിയുന്നതിൽ അമേരിക്ക അത്യുത്സാഹത്തോടെ പ്രവർത്തിച്ചുതുടങ്ങിയിരിക്കുന്നു. പല പള്ളികളും പണിതുകഴിഞ്ഞു. കൂടുതൽ പണിതുകൊണ്ടിരിക്കുന്നു. സ്ഥലം വാങ്ങുന്നു. അവിടെ നല്ല വരുമാനമുള്ളവരും ഉണ്ടെന്നത് നേരുതന്നെ. ത്യാഗങ്ങളും ഇതിന്റെ അടിസ്ഥാനത്തിൽ നല്ല വണ്ണം ചെയ്തുകൊണ്ടിരിക്കുന്നു. ത്വാഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടിയും ഞാൻ പറഞ്ഞിരുന്നു. അതിലേക്ക് അവർ വൻതുക തന്നു. അല്ലാഹു അവരുടെയെല്ലാം ഈമാനിലും ആത്മാർത്ഥതയിലും വരുമാനങ്ങളിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. ഇംഗ്ലണ്ട്, അമേരിക്കയുടെ പകുതിയാണ്, അതായത് ശരാശരി 45 പൗണ്ട്. പൗണ്ടും ഡോളറും തമ്മിലുള്ള വ്യത്യാസവും പകുതിയാണ്. അതായത് 2 ഡോളർ ഒരു പൗണ്ടാണ്. കാനഡ ശരാശരി 26 പൗണ്ടാണ്. ഇവിടെ ഒരുപാട് സാധ്യതയുണ്ട്. അവരും പള്ളികൾ പണിയുന്നു. ജൽസാഗാഹ് വാങ്ങിച്ചു. എങ്കിലും അവിടെ സാധ്യതകൾ ഇനിയുമുണ്ട്. ജർമ്മനി ശരാശരി 18 പൗണ്ടാണ്. ഇവരിലും ചന്ദ കൂട്ടാനുള്ള ഒരുപാട് വകയുണ്ട്. പാക്കിസ്ഥാനിൽനിന്ന് റിപ്പോർട്ട് വരുമ്പോൾ ദഫ്തർ അവ്വൽ, ദോം, സോം എന്ന നിലയിൽ വിശദീകരിച്ച റിപ്പോർട്ടാണ് വരുന്നത്.

ദഫ്തർ പഞ്ചം (അഞ്ചാമത്തെ) എന്റെ കാലഘട്ടത്തിലാണ് ആരംഭിച്ചത്. ഞാനാണ് അത് വിളംബരം ചെയ്തത്. അത് മുതൽ ആദ്യം കണക്കുകൾ ആരംഭിക്കുക. കഴിഞ്ഞ 3 വർഷത്തിനുള്ളിൽ എത്ര പേർ അതിൽ പങ്കെടുത്തു എന്ന് രേഖപ്പെടുത്തുകയും ഇനി ചേരുന്നവരുടെ പേരുകൾ സൂക്ഷിക്കുകയും ചെയ്യുക. ഈ ദഫ്തറിൽ ചേർന്നവർ എത്ര എന്ന് തിരിച്ചറിയാൻ ഇതുപകരിക്കുന്നതാണ്. ഈ കണക്ക് പൂർത്തിയാക്കിയതിനുശേഷം മറ്റ് ദഫ്തറുകളുടെ കണക്ക് അതായത്, എത്ര അംഗങ്ങളുണ്ട് എന്നും മറ്റും പരിശോധിച്ച് രജിസ്റ്റർ തയ്യാറാക്കുക. ഈ റിക്കാർഡുകളെല്ലാം ശരിയായ നിലയിൽ സൂക്ഷിക്കേണ്ടതാണ്.

ദുആ ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ, തഹ്‌രീകെ ജദീദിന്റെ ആദ്യ ആഹ്വാനമുണ്ടായപ്പോൾ ആരൊക്കെയാണ് അതിൽ പങ്കെടുത്തത് എന്ന് പരിശോധിക്കാൻ ഞാൻ പറഞ്ഞിരുന്നു. അത്തരം ത്യാഗീവര്യന്മാരുടെ മക്കൾക്കും അവർ ചെയ്ത സേവനത്തെക്കുറിച്ച് അറിയാൻ കഴിയുമല്ലോ എന്ന ഉദ്ദേശ്യത്തോടെയാണ് ഞാനത് പറഞ്ഞത്. എന്നല്ല, ഇപ്പോൾ അവരുടെ മക്കളിലാരെങ്കിലും സേവനം ചെയ്യാത്തവരായി ഉണ്ടെങ്കിൽ അവരിൽ മാറ്റമുണ്ടാക്കാനും അതിന് കഴിയും. 1935-ൽ ഈ ആഹ്വാനത്തിനുശേഷം ആദ്യം പോയ സംഘത്തിൽ മൗലവി ഗുലാം ഹുസൈൻ സാഹിബ് അയാസും സിങ്കപ്പൂർ, സൂഫി അബ്ദുൽ ഗഫൂർ സാഹിബ് ചൈന, സൂഫി അബ്ദുൽ ഖദീർ സാഹിബ് നയാസ് ജപ്പാൻ, ചൗദ്‌രി മുഹമ്മദ് ഇസ്ഹാഖ് സാഹിബ് സിയാൽക്കോട്ടി ഹോങ്കോംഗ്, ഹാഫിള് മൗലവി അബ്ദുൽ ഗഫൂർ സാഹിബ് ജലന്ധരി ജപ്പാൻ, ഹാജി അഹ്മദ് ഖാൻ സാഹിബ് അയാസ് ഹംഗറി, പോളണ്ട്, മുഹമ്മദ് ഇബ്‌റാഹിം സാഹിബ് നാസിർ ഹംഗറി, മലക്ക് മുഹമ്മദ് ശരീഫ് സാഹിബ് ഗുജറാത്തി, സ്പെയിൻ, ഇറ്റലി, മൗലവി റംസാൻ അലി സാഹിബ് ആർജെൻടൈൻ, മൗലവി മുഹമ്മദുദ്ദീൻ സാഹിബ് അൽബേനിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് പോകുകയുണ്ടായി. കൂടിയാലോചനക്കുശേഷം ഹസ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) ആണ് ഇവരെ അയച്ചത്. വളരെ നിസ്സാരമായ തുകയായിരുന്നു അവർക്ക് കൊടുത്തത്. തന്റേടത്തോടെ പ്രവർത്തിക്കുന്നവരെ മാത്രം നോക്കിയാണ് ഞാനിവരെ തിരഞ്ഞെടുത്തതെന്ന് പിന്നീട് ഹസ്‌റത്ത്

മുസ്‌ലിഹ് മൗഊദ്(റ) പറയുകയുണ്ടായി. കൂടുതൽ സാമർത്ഥ്യമൊന്നും നോക്കിയിരുന്നില്ല. പോയ രണ്ടാമത്തെ ഗ്രൂപ്പിൽപെട്ട മലക്ക് അത്താഉർ റഹ്മാൻ സാഹിബ് ഫ്രാൻസ്, ചൗദ്ദരി സുഹൂർ അഹ്മദ് സാഹിബ് ബാജ്‌വ, ഇംഗ്ലണ്ട്, ഖുദ്റത്തുല്ലാ സാഹിബ് ഹോളണ്ട്, ചൗദ്ദരി അതാഉല്ലാ സാഹിബ് ഫ്രാൻസ്, മൗലവി കറം ഇലാഹി സാഹിബ് സഫർ, സ്പെയിൻ, ചൗദ്ദരി മുഹമ്മദ് ഇസ്ഹാഖ് സാഹിബ് സ്പെയിൻ, മൗലവി മുഹമ്മദ് ഉസ്മാൻ സാഹിബ് ഇറ്റലി, ഇബ്രാഹിം ഖലീൽ സാഹിബ് ഇറ്റലി, ഗുലാം അഹ്മദ് സാഹിബ് ബശീർ ഹോളണ്ട് തുടങ്ങിയ സ്ഥലങ്ങളിൽ പോയി.

മുബല്ലിഗുമാർക്കു വേണ്ടിയും ഒന്ന് ഞാൻ പറയട്ടെ. ബിശാറത്ത് അഹ്മദ് സാഹിബ് നസീമിനെ ഘാനയിലേക്ക് അയക്കാനുള്ള തീരുമാനമുണ്ടായത് പെട്ടെന്നായിരുന്നു. മണിക്കൂറുകൾക്കുള്ളിൽ യാത്ര പുറപ്പെടാനാണ് അദ്ദേഹത്തോട് നിർദ്ദേശിച്ചത്. അദ്ദേഹം അതുപോലെ പ്രവർത്തിക്കുകയും ചെയ്തു. ഇന്നാണെങ്കിൽ പോകാനിത്ര സമയം വേണമെന്നൊക്കെ പറയാറുണ്ട്. അവർ വലിയ ത്യാഗം ചെയ്തവരായിരുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി ഞാൻ വായിക്കാൻ ആഗ്രഹിക്കുകയാണ്. അവിടന്ന് പറഞ്ഞു: "എന്റെ പ്രിയപ്പെട്ട സഹോദരന്മാരേ, ഞാൻ നിങ്ങൾക്ക് ഉറപ്പ് തരുന്നു, നിങ്ങളോട് സഹതാപം കാണിക്കാൻ സത്യമായൊരാവേശം അല്ലാഹു എനിക്ക് നൽകിയിരിക്കുകയാണ്. നിങ്ങളുടെ ഈമാനും ഇർഫാനും- വിശ്വാസവും തിരിച്ചറിവും വർദ്ധിപ്പിക്കുന്നതിനായി സത്യമായൊരു ദിവ്യജ്ഞാനം എനിക്ക് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. ഈ ദിവ്യജ്ഞാനം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും അങ്ങേയറ്റം ആവശ്യമുണ്ട്. ഞാനതിന് സന്നദ്ധനായി നില്ക്കുകയാണ്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ പരിശുദ്ധമായ ധനങ്ങളിൽനിന്ന് നിങ്ങളുടെ ദീനീപരമായ കാര്യനിർവ്വഹണത്തിനായി സഹായം നൽകുക. അല്ലാഹു ഐശ്വര്യവും കഴിവും ശക്തിയും നൽകിയിട്ടുള്ളവർ അവരുടെ കഴിവിന്നനുസരിച്ച് ഈ വഴിയിൽ കൊടുക്കുന്നതിന് അമാന്തം കാണിക്കരുത്. അല്ലാഹുവിനേക്കാളും റസൂലിനേക്കാളും നിങ്ങളുടെ ധനമാണ് ഉന്നതമെന്ന് നിങ്ങൾ മനസ്സിലാക്കുകയും അരുത്. പിന്നീട് എനിക്ക് സാധിക്കുവോളം ഗ്രന്ഥരചനയിലൂടെ അല്ലാഹു എന്നെ അറിയിച്ച ആ ജ്ഞാനങ്ങളും അനുഗ്രഹങ്ങളും ഏഷ്യയിലും യൂറോപ്യൻ രാഷ്ട്രങ്ങളിലും ഞാൻ പരത്തുന്നതാണ്."

നമ്മളിൽ അധികമാളുകളും അറിയാത്ത ചരിത്രപരമായ ഒരു സംഭവം ഇനി ഞാൻ പറയുകയാണ്. ആ രാജ്യങ്ങളിൽ ജമാഅത്ത് എത്രയും വേഗം വ്യാപിക്കുന്നതിന് ദുആ ചെയ്യാനുള്ള അഭ്യർത്ഥനയുമാണിത്. 1946-ൽ ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ൽനിന്നുള്ള ഒരു വിളംബരം അൽഫസ്ൽ പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെ കുറച്ചുഭാഗം ഞാൻ വായിച്ചുകേൾപ്പിക്കാം. പറയുന്നു: "ഇറ്റലിയിൽനിന്ന് മലക്ക് മുഹമ്മദ് ശരീഫ് സാഹിബ് മുബല്ലിഗ് എഴുതിയറിയിച്ചിരിക്കുന്നു. അൽബേനിയായിലും യൂഗോസ്ലാവിയായിലും പേരും പ്രസിദ്ധിയുമുള്ള ഒരു നേതാവും പ്രമാണിയുമായിരുന്നു ശരീഫ് ദോത്സ. രണ്ട് രാജ്യത്തിന്റേയും അതിർത്തിപ്രദേശങ്ങൾ ചേർന്നുകിടക്കുന്ന അൽബേനിയായുടെ അതിർത്തി പ്രദേശത്ത് താമസിക്കുന്നവരും യൂഗോസ്ലാവിയാക്കാരും അധികവും മുസ്‌ലിംകളാണ്. അവർ കഠിനാദ്ധ്വാനികളാണ്. രണ്ട് രാജ്യങ്ങളിലും അവർക്ക് സ്വത്തുക്കളുണ്ട്. അസീസ് മൗലവി മുഹമ്മദുദ്ദീൻ സാഹിബ് ഈ പ്രദേശത്ത് താമസിച്ച് തബ്‌ലീഗ് ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം മുഖേന അവിടെയൊരുപാട് അഹ്മദികളുണ്ടായി. പിന്നീട് മുസ്‌ലിം സംഘടനകളെ ഭയന്നുകൊണ്ട് യൂഗോസ്ലാവിയൻ സർക്കാർ അവരെ അവിടെനിന്ന് പുറത്താക്കി. അങ്ങനെ അവർ ഇറ്റലിയിൽ വന്നു. രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പേ യൂഗോസ്ലാവിയായിലെ മുസ്‌ലിം പ്രതിനിധിയായി പാർലമെന്റിൽ വന്ന ആളായിരുന്നു ദോത്സാ സാഹിബ്. അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നു. വളരെ ആത്മാർത്ഥതയുള്ളയാളായിരുന്നു. അൽബേനിയായിലെ നിലവിലുണ്ടായിരുന്ന കമ്മ്യൂണിസ്റ്റ് ഭരണകൂടം അദ്ദേഹത്തേയും കുടുംബത്തേയും വധിച്ചുകളഞ്ഞു. കമ്മ്യൂണിസ്റ്റു ഭരണരീതിയെ എതിർത്തു എന്നത് മാത്രമായിരുന്നു അദ്ദേഹം ചെയ്ത കുറ്റം. ആ രാജ്യത്ത് മുസ്‌ലിം ഭരണം നിലനിർത്തണമെന്നാഗ്രഹിച്ചിരുന്ന മുസ്‌ലിം സംഘടനയുടെ നേതാവായിരുന്നു അദ്ദേഹം. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. തുടർന്ന് പറയുന്നു: എല്ലാവരും മരിക്കുമെന്നതിൽ സംശയമില്ല. ദൈവം നിശ്ചയിച്ചിട്ടുള്ള ആയുസ്സിനേക്കാൾ കൂടുതൽ ജീവിക്കാനും ആർക്കും സാധ്യമല്ല. എന്നാൽ ഏതെങ്കിലും രീതിയിൽ ദീനിന് സേവനം ചെയ്ത് വധിക്കപ്പെടുന്നവർ സൗഭാഗ്യവാന്മാരാണ്. യൂറോപ്പിലെ ആദ്യത്തെ ശഹീദാണെന്ന ബഹുമതി

ശരീഫ് ദോത്സാ യ്ക്കുണ്ട്. ***അൽഫള്ലുലില്ലിൽ മുത്തഖദ്ദിം*** എന്ന ചൊല്ലനുസരിച്ച് തനിക്കുശേഷം വരുന്ന ശഹീദുമാർക്ക് ഒരുത്തമ ഉദാഹരണവും മാതൃകയുമായിക്കൊണ്ട് അദ്ദേഹം ഇവരുടെ പ്രതിഫലത്തിൽ പങ്കാളിയാകും. വീണ്ടും പറയുന്നു. ഈ സംഭവം നമ്മെ സംബന്ധിച്ചിടത്തോളം വേദനാജനകവുമാണ് സന്തോഷത്തിന് കാരണവുമാണ്. യുദ്ധത്തിനുശേഷം അഹ്മദിയ്യത്തിന്റെ പ്രചാരണത്തിന് കാരണമായേക്കാവുന്ന പേരും പ്രശസ്തിയുമുള്ള ഒരു വ്യക്തി നമ്മുടെ തബ്ലീഗ് രംഗം വിശാലമായിക്കൊണ്ടിരുന്ന ഘട്ടത്തിൽ നമ്മളിൽനിന്ന് വേർപ്പെട്ടുവെന്നുള്ളതാണ് വേദനാജനകമായ കാര്യം. അഹ്മദീ ശഹീദിന്റെ രക്തം യൂറോപ്പിലും ഒഴുക്കപ്പെട്ടുവെന്നതാണ് സന്തോഷകരമായ കാര്യം. അല്ലാഹുവിനെ വിട്ടുകൊണ്ട് ദൂരത്തേക്ക് ഓടുകയായിരുന്ന അനാത്മികവാദത്തിന്റെ ആ നാട്ടിൽ, കമ്മ്യൂണിസത്തോടൊപ്പം നിരീശ്വരത്വവും പരത്തിക്കൊണ്ടിരുന്ന ആ നാട്ടിൽ ഏകനായ അല്ലാഹുവിനെ വിശ്വസിച്ചിരുന്നവരുടെ രക്തം ഒഴുക്കപ്പെടാൻ തുടങ്ങി. ഈ രക്തം പാഴായിപ്പോവുകയില്ല. അതിലെ ഓരോ തുള്ളിയും മുറവിളിയോടെ അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ടിരിക്കുന്നതാണ്. അതിന്റെ ഈർപ്പം വയലുകൾ ആകർഷണം ചെയ്ത് ധാന്യം വിളയിക്കുന്നതാണ്. ഈമാന്റെ വഴിയിൽ ത്യാഗം ചെയ്യുന്നതിനായി ചൂടും തിളച്ചുമറിയുന്നതുമായ രക്തം അത് സൃഷ്ടിക്കുന്നതാണ്. വീണ്ടും പറയുന്നു: ഇപ്പോൾ യൂറോപ്പിൽ തൗഹീദിന്റെ പ്രവർത്തനം ഏതാണ്ട് യുദ്ധം പോലെയായിരിക്കുകയാണ്. സത്യവിശ്വാസി ഈ ആഹ്വാനത്തെ സ്വീകരിക്കുന്നു. ശഹാദത്ത് വരിക്കാനുള്ള ശ്രമത്തിൽ ഒരാൾ മറ്റൊരാളേക്കാൾ മുന്നേറുകയാണ്. അല്ലാഹു അവരെ സഹായിക്കുമാറാകട്ടെ. ഭാഗ്യശാലികളുടെ ഹൃദയം തുറക്കുമാറാകട്ടെ.

വീണ്ടും പറയുന്നു: "അല്ലയോ ഇന്ത്യയിലെ അഹ്മദികളേ, നിങ്ങൾ അല്പം ചിന്തിച്ചുനോക്കുക. നിങ്ങളുടേയും നിങ്ങളുടെ പൂർവ്വപിതാക്കളുടേയും ത്യാഗങ്ങൾ തന്നെയാണ് ഈ നാളുകളിൽ അനുഗ്രഹം കൊണ്ടുവന്നിട്ടുള്ളത്. നിങ്ങൾ ശഹീദായില്ല. എന്നാൽ നിങ്ങൾ തീർച്ചയായും ശഹീദിനെ സൃഷ്ടിക്കുന്നവരാണ്. അഫ്ഗാനിസ്ഥാനിലെ ശുഹദാക്കൾ ഇന്ത്യാക്കാരായിരുന്നില്ല. എന്നാൽ അവർക്ക് ശഹാദത്ത് കിട്ടിയത് ഇന്ത്യാക്കാരുടെ ത്യാഗങ്ങളുടെ ഫലമായിട്ടാണെന്നതിൽ എന്താണ് സംശയം? മിസ്രിലെ ശഹീദ് ഇന്ത്യാക്കാരനായിരുന്നില്ല. എന്നാൽ, അഹ്മദിയ്യത്തിന്റെ പ്രകാശം ആ ശഹീദിലും നിറച്ചത് ഇന്ത്യാക്കാരായിരുന്നു. ഇപ്പോൾ യൂറോപ്പിലെ ആദ്യത്തെ ശഹീദും ഇന്ത്യാക്കാരനായിരുന്നില്ല. എന്നാൽ, അദ്ദേഹത്തിന്റെ ഉള്ളിൽ ഇസ്ലാമിന്റെ അടങ്ങാത്ത വികാരം സൃഷ്ടിച്ചതാരായിരുന്നു? സത്യതയിൽ ഉറച്ചുനില്ക്കാനുള്ള തന്റേടം അദ്ദേഹത്തിന് നൽകിയത് ആരായിരുന്നു? ഒരു സംശയവും വേണ്ട. അതൊരു ഇന്ത്യാക്കാരനായ അഹ്മദിയായിരുന്നു. അല്ലയോ സ്നേഹിതന്മാരേ, നിങ്ങളുടെ കഴിഞ്ഞ ത്യാഗങ്ങൾ, വിജയം നിങ്ങളുടെ അടുത്തേക്ക് കൊണ്ടുവരികയാണ്. എന്നാൽ, അത് അടുത്തടുത്ത് വരുന്തോറും നിങ്ങൾ മുമ്പേ ചെയ്ത ത്യാഗങ്ങൾ പോരെന്ന് അത് വിളിച്ചോതുന്നു. പുതിയ പ്രശ്നങ്ങൾ പുതിയ പ്രവർത്തനമേഖല തേടുന്നു. പിന്നീട് പറഞ്ഞു. അല്ലയോ പ്രിയപ്പെട്ടവരേ, അരമുറുക്കുക. നാവുകൾ പല്ലുകൾകൊണ്ട് അമർത്തിവെക്കുക. നിങ്ങളിൽ ത്യാഗം ചെയ്യുന്നവർ വീണ്ടും കൂടുതൽ ത്യാഗം ചെയ്യട്ടെ. സ്വയേഷ്ടപ്രകാരമല്ല, ദീനിന്റെ ആവശ്യമനുസരിച്ച്. ഇത് ചെയ്യാത്തവനെ, ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നവൻ ഉണർത്തുക. തഹ്രീകെ ജദീദിൽ പങ്കാളികളാവുക. ഹസ്റത്ത് മുസ്ലിഹ് മൗഊദ്(റ) നേരിട്ട് അന്ന് സംബോധന ചെയ്തത് ഇന്ത്യയിലെ അഹ്മദികളെയായിരുന്നു. എം.ടി.എയുടെ സംവിധാനമൊന്നും അന്നുണ്ടായിരുന്നില്ല. 1940-ലെ കാര്യമാണ് പറയുന്നത്. അന്ന് അഹ്മദികൾ അധികവും ഇന്ത്യയിലായിരുന്നു. അതിനുശേഷം അധികംപേരും പാക്കിസ്ഥാനിലേക്ക് പോയി. അല്ലെങ്കിൽ അവരുടെ സന്താനങ്ങൾ ഇന്ന് പാക്കിസ്ഥാനിലാണ് താമസിക്കുന്നത്. അല്ലെങ്കിൽ ചിലരുടെ സന്താനങ്ങൾ പാശ്ചാത്യരാജ്യങ്ങളിൽ വന്ന് താമസിക്കുന്നു. ചിലർ അതിനുവേണ്ടി പരിശ്രമിക്കുന്നു. പാക്കിസ്ഥാനിൽ താമസിക്കുന്ന അഹ്മദികൾക്ക് അന്നത്തെ ആ സന്ദേശം ഇന്നും ഓർമ്മയുണ്ട്. ഞാൻ ചന്ദ അടച്ചുതീർന്നവരുടെ സ്ഥാനം പറഞ്ഞതിൽനിന്ന് അത് വ്യക്തമാണ്. ദാരിദ്ര്യവും ബുദ്ധിമുട്ടും ഉണ്ടായിട്ടും അവിടെത്തെ രൂപയ്ക്ക് ഒരു വിലയുമില്ലാഞ്ഞിട്ടും ത്യാഗത്തിന്റെ ഇത്രവലിയ നിലവാരം അവർ നിലനാട്ടി. ഹസ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഈ സന്ദേശം നൽകിയപ്പോൾ അഹ്മദിയ്യത്തിന്റെ പേരിൽ ആരും അന്ന് ശഹീദായിരുന്നില്ല. പക്ഷേ, അതിനുശേഷം ഈ സന്ദേശം കേട്ടവരിൽ ചിലരും, ശുഹദാക്കളുടെ അണിയിൽ ചേർന്നു. നിർഭയരായിക്കൊണ്ട് ദൈവവഴിയിൽ തങ്ങളുടെ ജീവൻ കാണിക്കവെച്ചു. അവരുടെ മക്കളിലും ഒരുപാടാളുകൾ അല്ലാഹുവിനുവേണ്ടി തങ്ങളുടെ ജീവൻ ബലിയർപ്പിച്ചു. ഇന്ന്

നമ്മൾ കാണുന്നതുപോലെ ഇപ്പോഴും അത് തുടർന്നുകൊണ്ടിരിക്കുന്നു. അവർ തങ്ങളുടെ ജീവിതത്തോടൊപ്പം തങ്ങളുടെ ധനവും യാതൊരു മടിയും കൂടാതെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നു. അതുകൊണ്ട് ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിച്ചുവരുന്ന അക്കൂട്ടരുടെ മക്കളോടും ആ കുടുംബവുമായി ബന്ധപ്പെട്ടുനില്ക്കുന്ന അഹ്മദികളോടും- അവരുടെ സാമ്പത്തികസ്ഥിതി ഇന്ന് വളരെ ഉയർന്നതാണ്- ഞാൻ പറയാനാഗ്രഹിക്കുകയാണ്, നിങ്ങളിൽ വലിയ ഉത്തരവാദിത്തമാണുള്ളത്. നിങ്ങൾ ആ പാരിതോഷികങ്ങളുടെ അനന്തരാവകാശിയായി തീരുന്നത് നിങ്ങളുടെ ത്യാഗനിലവാരം മെച്ചപ്പെടുത്തുമ്പോഴാണ്. ഇന്ന് ലോകത്ത് ഇസ്ലാമിന്റെ പതാക നാട്ടുന്നതിന് നിങ്ങൾ എല്ലാവിധത്തിലുള്ള ത്യാഗങ്ങളും വരിക്കണമെന്ന റൂഹ് നിങ്ങളുടെ ഉള്ളിൽ സൃഷ്ടിക്കേണ്ടതാണ്. ഇതുപോലെ ലോകത്തിലെ വിവിധ രാജ്യങ്ങളിലെ തദ്ദേശവാസികളോടും ഞാൻ പറയുകയാണ്, നിങ്ങൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിങ്ങളിൽ ഒരുപാടാളുകൾ എല്ലാത്തരം ത്യാഗങ്ങളുടേയും ഉയർന്നനിലയും സ്ഥാപിച്ചിട്ടുണ്ട്. അഹ്മദിയ്യത്തിന്റെ മടിത്തട്ടിൽ വന്നിരിക്കുന്ന നിങ്ങളുടെ നാട്ടുകാരോട് ആദ്യം വന്നവരുമായി കൂടിച്ചേരണമെങ്കിൽ അവസാനം വന്ന ജമാഅത്തിനുവേണ്ടി ഏതൊരു ത്യാഗങ്ങളാണോ അല്ലാഹു ചോദിക്കുന്നത് ആ ത്യാഗങ്ങളും വരിക്കേണ്ടിവരുമെന്ന് പറയുക. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ അത്യുത്സാഹത്തോടുകൂടി നിങ്ങളുടെ ധനം അല്ലാഹുവിന്റെ സവിധത്തിൽ സമർപ്പിക്കുക- അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിന്റെ സന്ദേശം എളുപ്പത്തിൽ ലോകത്ത് പരക്കാൻ വേണ്ടി. ഇന്ന് ലോകത്തിന്റെ മുക്കിലും മൂലയിലും വസിക്കുന്ന ഓരോ അഹ്മദിയുടേയും നിർബന്ധകടമയാണ് ദീനിന്റെ പ്രചാരണത്തിനായി തങ്ങളുടെ പരിശുദ്ധ ധനങ്ങളിൽനിന്ന് ത്യാഗം ചെയ്യാൻ തയ്യാറായിരിക്കുക എന്നത്. എന്നുമാത്രമല്ല മുമ്പത്തേക്കാളധികം ത്യാഗം സമർപ്പിക്കുക എന്നത്. എന്നാൽ, നിങ്ങളും അല്ലാഹുവിന്റെ അനുഗ്രഹത്തിന് മുൻകഴിഞ്ഞ മഹാത്മാക്കൾ അനന്തരാവകാശികളായതുപോലെ അനന്തരാവകാശികളാകും. അല്ലാഹു എപ്പോഴുമെന്നപോലെ ലോകം മുഴുവനുമുള്ള അഹ്മദികൾക്ക് അവർ ഏത് നാട്ടുകാരാണെങ്കിലും ഖിലാഫത്തിന്റെ വിളിക്കുത്തരം നൽകിക്കൊണ്ട് എല്ലാത്തരം ത്യാഗങ്ങളിലും മത്സരബുദ്ധ്യാ മുന്നേറാൻ അവസരം നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഞാൻ പാക്കിസ്ഥാനി അഹ്മദികളിൽനിന്ന് പ്രതീക്ഷിക്കുന്നത് അവർ നേടിയിരിക്കുന്ന ഈ ബഹുമതി കഴിഞ്ഞ കുറേ വർഷങ്ങളിൽ നേടിവരുന്ന ഈ ബഹുമതി നിങ്ങളുടെ കയ്യിൽതന്നെയിരിക്കാൻ കഴിവിന്റെ പരമാവധി പരിശ്രമിക്കണമെന്നാണ്. നിങ്ങളുടെ ത്യാഗങ്ങളുടെ ചരിത്രം അത് അഹ്മദിയ്യാ ജമാഅത്തിന് അടിത്തറവീണ ദിവസം മുതലുള്ളതാണ്. മറ്റുള്ള രാജ്യങ്ങളുടെ ചരിത്രം അത്ര പഴക്കമുള്ളതല്ല.

നിങ്ങളുടെ എല്ലാ ത്യാഗങ്ങൾക്കും അല്ലാഹു എപ്പോഴും പൂവും കായും നൽകിയിട്ടുണ്ട്. തുടർന്നും നിങ്ങളുടെ ത്യാഗങ്ങൾ മുമ്പത്തേക്കാളധികം കായ്കനികൾ കൊണ്ടുവരും. ഇന്ന് ഏറ്റവുമധികം ജീവൻ ആരെങ്കിലും ബലിയർപ്പിച്ചിട്ടുണ്ടെങ്കിൽ അത് പാക്കിസ്ഥാനീ അഹ്മദികളാണ്. തുടർച്ചയായ മാനസിക പീഡനങ്ങളും കഷ്ടതകളും ആരെങ്കിലും സഹിച്ചിട്ടുണ്ടെങ്കിൽ അത് പാക്കിസ്ഥാനി അഹ്മദികളാണ്. തികച്ചും വിപരീതാവസ്ഥയിലായിരുന്നിട്ടും ധനത്യാഗത്തിന്റെ നിലയും പാക്കിസ്ഥാനി അഹ്മദികൾ നിലനിർത്തിയിരിക്കുന്നു. അല്ലാഹു നിങ്ങളുടെ ഒരു ത്യാഗവും ഒരിക്കലും പാഴാക്കുകയില്ല. എന്നല്ല, വിജയങ്ങളുടെ ലക്ഷണങ്ങൾ വ്യക്തമായ നിലയിൽ ദൃശ്യമാകാൻ തുടങ്ങിയിരിക്കുന്നു. ഇൻശാഅല്ലാഹ് വഴിയിലെ എല്ലാ തടസ്സങ്ങളും പൊടിപാറുന്നതുപോലെ പാറിപ്പോകുന്ന ആ കാലം വിദൂരമല്ല. പക്ഷേ, അല്ലാഹുവിന്റെ സന്നിധിയിൽ നിങ്ങളുടെ ത്യാഗങ്ങളെ ദുആയിലൂടെ സമർപ്പിക്കുക. സമർപ്പിച്ചുകൊണ്ടേയിരിക്കുക. റബ്ബനാ തഖബ്ബൽ മിന്നായുടെ ശബ്ദം ഓരോ ആളുകളിൽനിന്നും പുറത്തുവന്നുകൊണ്ടിരിക്കുമാറാകട്ടെ. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 3.11.2006 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala